THURSDAY 28-10-2021 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor : George Sebastian** **Editor : Dr Asha T T**

**Farm Information Bureau, Kowdiar, Thiruvananhapuram -695003**
**Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com**
**Telephone : 0471 - 2318186, 2317314**

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) -28/10/2021

1. കേരള കാർഷിക സർവകലാശാലയുടെ കാർഷിക കോളേജ് വെള്ളായണിയിൽ വിളപരിപാലന വിഭാഗം ശാസ്ത്രജ്ഞർ വികസിപ്പിച്ച കളനിയന്ത്രണ യന്ത്രമായ വീൽ ഹോ വീഡറിന് കേന്ദ്രസർക്കാരിന്റെ ഡിസൈൻ പേറ്റന്റ് ലഭിച്ചു. ഒരു ചക്രവും ബ്ലേഡും ഉപയോഗിച്ച് വിളകളുടെ ഇടയിൽ നടന്നു നീങ്ങി കളകളെ നിയന്ത്രിക്കാൻ സഹായിക്കുന്ന ഈ യന്ത്രം സ്ത്രീകൾക്കും അനായാസം പ്രവർത്തിക്കാവുന്ന തരത്തിലാണ് രൂപ കൽപ്പന ചെയ്തിട്ടുള്ളത്. വിളകളുടെ ഇടയകലത്തിനു അനുസൃതമായി വിവിധ വലുപ്പത്തിലുള്ള ( 15 മുതൽ 30 സെ.മീ) ബ്ലേഡുകൾ ഘടിപ്പിക്കാവുന്നതാണ്. ഒരു മണിക്കൂറിൽ 0.015 ഹെക്ടർ (3.7 സെന്റ്) സ്ഥലത്തെ കളകൾ നിയന്ത്രിക്കുവാൻ ഈ യന്ത്രം ഉപയോഗിച്ച് സാധിക്കും. ബ്ലേഡ് മണ്ണിൽ 1.5 സെ.മീ. തുളച്ചു കയറുന്നതുവഴി കളകളെ വേരോടുകൂടി ചെത്തിമാറ്റുന്നതാണ് ഇതിന്റെ പ്രവർത്തനരീതി. ബ്ലേഡ് തിരശ്ചീനമായി 15 ഡിഗ്രി കോണിൽ ചരിഞ്ഞിരിക്കുന്നതിനാൽ ബ്ലേഡിന് അനായാസം മണ്ണിലേക്ക് തുളച്ചുകയറാൻ സാധിക്കുന്നു. സ്ക്വയർ ട്യൂബ് ആകൃതിയിലുള്ള ചട്ടക്കൂട് ആണ് ഈ യന്ത്രത്തിന്റെ സവിശേഷമായ ഘടകം. ഇതിൽ യന്ത്രത്തിന്റെ മൂന്ന് പ്രധാന ഭാഗങ്ങളായ ഹാൻഡിൽ ബാർ, വീൽ, ബ്ലേഡ് എന്നിവ ഘടിപ്പിച്ചിരിക്കുന്നു. ജൂലൈ 2021 മുതൽ പത്തു വർഷ കാലയളവിലേക്കാണ് ഡിസൈൻ പേറ്റന്റ് ലഭിച്ചിരിക്കുന്നത്. കൂടുതൽ വിവരങ്ങൾക്ക് 9495121213 എന്ന നമ്പരിൽ ബന്ധപ്പെടുക.

2. ദേശീയ ജന്തുരോഗ നിയന്ത്രണ പദ്ധതിയുടെ ഭാഗമായി സംസ്ഥാനമൊട്ടാകെ നാലു മാസത്തിനു മുകളിൽ പ്രായമുള്ള പശുക്കൾക്കും എരുമകൾക്കും നവംബർ 3 വരെ മൃഗസംരക്ഷണവകുപ്പ് സൗജന്യ കുളമ്പുരോഗ പ്രതിരോധ കുത്തിവയ്പ് നൽകുന്നു. ഈ കുളമ്പുരോഗ നിവാരണ യജ്ഞകാലയളവിൽ മൃഗസംരക്ഷണവകുപ്പിൽ നിന്നും ഉദ്യോഗസ്ഥർ കർഷകരുടെ വീടുകളിൽ എത്തി ഉരുക്കൾക്ക് പ്രതിരോധ വാക്സിൻ നൽകുന്നതാണ്. എല്ലാ കർഷകരും തങ്ങളുടെ പശുക്കളേയും എരുമകളേയും ഈ കാലയളവിൽ കുളമ്പുരോഗത്തിനെതിരായുള്ള സൗജന്യ പ്രതിരോധകുത്തിവയ്പിനു വിധേയമാക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള മൃഗാശുപത്രിയുമായി ബന്ധപ്പെടുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

3. കേരള കാർഷിക സർവകലാശാലയുടെ കാർഷിക വിജ്ഞാന വിപണന കേന്ദ്രം വേങ്ങേരിയിൽ അവോക്കാഡോ, പേര, പ്ലാവ്, മാവ്, ചാമ്പ, പാഷൻ ഫ്രൂട്ട്, റംബൂട്ടാൻ, സപ്പോട്ട എന്നീ ഫല വൃക്ഷ തൈകളും, വേപ്പ്, കമുക്, കറിവേപ്പ്, കുടമ്പുളി, ഗ്രാമ്പു, കുരുമുളക് എന്നീ തൈകളും, വിത്തുകൾ, ജൈവവളങ്ങൾ, ജൈവനിയന്ത്രണ ഉപാധികൾ, മൂല്യ വർദ്ധിത ഉത്പന്നങ്ങൾ എന്നിവയും വില്പനയ്ക്ക് തയ്യാറാണ്. കൂടുതൽ വിവരങ്ങൾക്ക് **0495 2935850** എന്ന നമ്പരിൽ ബന്ധപ്പെടേണ്ടതാണ്.

**പരിശീലന പരിപാടികൾ**

4. വെള്ളായണി ആർ.ടി.ടി സെന്ററിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം ജില്ലയിലെ കർഷകർക്കും കർഷക കൂട്ടായ്മകൾക്കും വേണ്ടി കാർഷിക യന്ത്രങ്ങളിൽ പ്രവൃത്തിപരിചയം നൽകുന്നതിന് മൂന്ന് ദിവസത്തെ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. ട്രാക്ടർ, ടില്ലർ, ഞാറു നടീൽ യന്ത്രം, പവ്വർ ടില്ലർ, ഗാർഡൻ ടില്ലർ, മിനി ടില്ലർ, സ്പ്രേയർ കൂടാതെ വിവിധ ചെറുടിക കാർഷിക യന്ത്രങ്ങൾ എന്നിവയിലാണ് പരിശീലനം നൽകുന്നത്. പരിശീലനത്തിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ പൂർണ്ണമായ മേൽവിലാസം, ബന്ധപ്പെടേണ്ട നമ്പർ സഹിതം rttctvpm@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ അയച്ചു നൽകുകയോ വെള്ളായണി ആർ.ടി.ടി സെന്ററിൽ നേരിട്ട് ബന്ധപ്പെടുകയോ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **9383470314, 9383470315** എന്നീ നമ്പരുകളിൽ വിളിക്കുക.

5. കേരള കാർഷിക സർവകലാശാലയിലെ ഹൈടെക്ക് റിസർച്ച് ആന്റ് ട്രെയിനിംഗ് യൂണിറ്റ്, ഇൻസ്ട്രക്ഷണൽ ഫാം വെള്ളാനിക്കരയിൽ വച്ച് ഇന്നു മുതൽ **അക്വാപോണിക്സ് കൃഷിരീതിയിൽ** 5 ദിവസത്തെ ഓൺലൈൻ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. വിവിധതരം അക്വാപോണിക്സ് സിസ്റ്റം -രൂപകൽപ്പനകൾ, നിർമ്മാണം പ്രവർത്തന-ഉപയോഗ-പരിപാലന രീതികൾ, വാട്ടർ ക്വാളിറ്റി ടെസ്റ്റിംഗു ം, നിയന്ത്രണമാർഗങ്ങളും, വള പ്രയോഗ മാർഗങ്ങൾ, രോഗകീടനിയന്ത്രണം, വിളകളുടെ പരിപാലനം എന്നിവയെക്കുറിച്ച് വീഡിയോ കാണിച്ചുകൊണ്ട് ക്ലാസ്സുകൾ എടുക്കുന്നതായിരിക്കും. പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ **7025498850, 7736690639, 0487 2960079** എന്നീ നമ്പരുകളിൽ രാവിലെ 10 മുതൽ 4 വരെയുള്ള സമയങ്ങളിൽ ബന്ധപ്പെടുക.

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

6. കോഴിക്കോട് ക്ഷീര പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഇന്ന് (28/10/2021) രാവിലെ 10.30 ന് **ഇൻഫെർട്ടിലിറ്റി ഇൻ കാറ്റിൽ ആന്റ് മാനേജ്മെന്റ്** എന്ന വിഷയത്തിലും **ഉച്ചയ്ക്ക് 2.30-ന് പാൽ ഉൽപ്പന്ന നിർമ്മാണത്തിൽ പ്രിസർവേറ്റീവുകളുടെ ഉപയോഗം** എന്ന വിഷയത്തിലും ഓൺലൈൻ പരിശീലനം ഗൂഗിൾ മീറ്റ് വഴി നടത്തുന്നു. പരിശീലന പരിപാടിയിൽ പങ്കെടുക്കാനായി meet.google.com/qdo-ubsz-huc എന്ന ലിങ്ക് വഴി ജോയിൻ ചെയ്യുക

7. കോഴിക്കോട് ക്ഷീരപരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ പത്ത് ദിവസത്തെ ക്ലാസ്സ് റൂം പരിശീലനം **നവംബർ 1 മുതൽ 11** വരെ രാവിലെ 10 മണി മുതൽ കോഴിക്കോട് ക്ഷീര പരിശീലന കേന്ദ്രത്തിൽ വച്ച് കോവിഡ് പ്രോട്ടോക്കോൾ പാലിച്ച് നടത്തുന്നു. പരിശീലനത്തിൽ പങ്കെടുക്കുന്നവർ രണ്ട് ഡോസ് കോവിഡ് വാക്സിൻ നിർബന്ധമായും സ്വീകരിച്ചവരും ആയതിന്റെ സർട്ടിഫിക്കറ്റ് ഉള്ളവരും ആയിരിക്കണം. രജിസ്ട്രേഷൻ ഫീസ് 135 രൂപ. താൽപര്യമുള്ളവർ **ഇന്നു** നാല് മണിക്ക് മുമ്പായി **0495 2414579** എന്ന നമ്പരിൽ ബന്ധപ്പെട്ട പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

8. ഓച്ചിറ ക്ഷീരോത്പന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ ഇന്ന് (28.10.2021) രാവിലെ 11 മണി മുതൽ **ക്ഷീരമേഖലയിലെ സംരഭകത്വ സാധ്യതകളും സാമ്പത്തിക സ്രോതസുകളും** എന്ന വിഷയത്തിൽ ഗൂഗിൾ മീറ്റ് മുഖേന ഓൺലൈൻ പരിശീലനം നടത്തുന്നു. പങ്കെടുക്കാൻ താത്പര്യമുള്ളവർ **9947775978** എന്ന വാട്സാപ്പ് നമ്പരിലേക്ക് പേരും മേൽവിലാസവും അയച്ചു നൽകിയോ **0476 2698550** എന്ന ഫോൺ നമ്പരിൽ വിളിച്ചോ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

9. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) **റബ്ബർപാലിൽനിന്നുള്ള ഉത്പന്നനിർമ്മാണത്തിൽ** അഞ്ചു ദിവസത്തെ പരിശീലനം നൽകുന്നു. **റബ്ബർപാൽസംഭരണം, സാന്ദ്രീകരണം, ലാറ്റക്സ് കോമ്പൗണ്ടിങ്, ഉത്പന്നങ്ങളുടെ രൂപകൽപന; റബ്ബർബാൻഡ്, കൈയുറ, ഫോം റബ്ബർ, പശ, ബലൂൺ തുടങ്ങിയ ഉത്പന്നങ്ങളുടെ നിർമ്മാണം** എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പരിശീലനം **നവംബർ 08 മുതൽ 12 വരെ** നടത്തും. കൂടുതൽ വിവരങ്ങൾക്ക് **0481 2353127** എന്ന ഫോൺ നമ്പറിലോ **04812353201** എന്ന വാട്സ്ആപ്പ് നമ്പറിലോ ബന്ധപ്പെടാം.